4. ഡയറക്ടർ (ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേഷൻ) - ട്രസ്റ്റി.

5. ഡയറക്ടർ (ജനറേഷൻ-സിവിൽ)-ട്രസ്റ്റി.

6. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) - സെക്രട്ടറി ആന്റ് ട്രസ്റ്റി.

7. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) - ട്രസ്റ്റി.

8. ഫിനാൻഷ്യൽ അഡ്വൈസർ - ട്രഷറർ ആന്റ് ട്രസ്റ്റി.

9. തൊഴിലാളികളുടെയും ആഫീസർമാരുടേയും പ്രതിനിധികൾ.

കെ.എസ്.ഇ.ബി.-യിലെ ജീവനക്കാർ

13(2001) ശ്രീ ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രതിമാസം എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(സി) ആകെയുള്ള ജീവനക്കാരിൽ ഓഫീസർമാരുടെയും വർക്കർമാരുടെയും എണ്ണം എത്ര വീതമാണെന്ന് പ്രത്യേകമായി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആകെ 33477 ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുകൾ പ്രകാരം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളുമായി പ്രതിമാസം ശരാശരി 139.98 കോടി രൂപ വേണ്ടി വരുന്നുണ്ട്.

(സി) ഓഫീസർ - 4736

വർക്ക്മെൻ - 28741

LIBRARY ARCHIVES Kerala Legislative Assembly